©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2019 മേയ് 31<br>31st May 2019<br>1194 ഇടവം 17<br>17th Idavam 1194<br>1941 ജ്യേഷ്ഠം 10<br>10th Jyaishta 1941 | നമ്പർ<br>No. 1306 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 241/ഇ1/2018/തൊഴിൽ. *തിരുവനന്തപുരം, 2019 മാർച്ച് 24 / 1194 മീനം 10.*

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തോട് കൂട്ടിവായിച്ച പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2009 ഡിസംബർ 28-ാം തീയതിയിലെ സ.ഉ. (കൈയ്യെഴുത്ത്) 177/2009/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ജനുവരി 2-ാം തീയതിയിലെ 17-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 3/2010 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ,

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.
92/1765/2019/S-13.

സംസ്ഥാനത്തെ ബ്ലോക്ക് റബ്ബർ ഫാക്ടറികളിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ, ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ, നിർദ്ദേശങ്ങളോ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

## പട്ടിക

I.അടിസ്ഥാന വേതനം

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിമാസ അടിസ്ഥാന ശമ്പളം* | *ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്)* |
|---|---|---|---|
| (1) | (2) | (3) | (4) |
| ***(എ) ഫാക്ടറി വിഭാഗം*** | | | |
| 1. | സ്കിൽഡ് | | |
| | (1) ഫോർമാൻ | ₹ 13,940 | |
| | (2) സൂപ്പർവൈസർ | ₹ 13,620 | |
| | (3) മെക്കാനിക്ക് | ₹ 13,000 | ₹ 500 |
| | (4) പ്ലംബർ | | |
| | (5) ഇലക്ട്രീഷൻ | | |
| | (6) ഡ്രൈവർ | | |

| (1) | (2) | (3) | (4) |
|---|---|---|---|
| | 2. സെമി സ്കിൽഡ് | | |
| | (1) ടാങ്ക് ഫില്ലിംഗ് ഉൾപ്പെടെ മെഷീൻ ജോലി ചെയ്യുന്നതും മറ്റു വിഭാഗങ്ങളിൽപ്പെടാത്തതുമായ എല്ലാ ജീവനക്കാരും<br>(2) ഫാക്ടറിയിലെ ജനറൽ വർക്കർ/സ്റ്റോർകീപ്പർ | ₹ 12,740 | ₹ 490 |
| | 3. അൺ സ്കിൽഡ് | | |
| | (1) സെക്യൂരിറ്റി ജീവനക്കാർ<br>(2) വാച്ച്മാൻ | ₹ 12,220 | ₹ 470 |
| *(ബി)* | *ആഫീസ് വിഭാഗം* | | |
| | (1) മാനേജർ | ₹ 14,550 | |
| | (2) ആഫീസ് അസിസ്റ്റന്റ്<br>(3) കാഷ്യർ/ക്ലാർക്ക്/ടൈപ്പിസ്റ്റ്<br>(4) അക്കൗണ്ടന്റ് | ₹ 13,000 | ₹ 500 |
| | (5) പ്യൂൺ/അറ്റന്റർ | ₹ 12,220 | ₹ 470 |
| | (6) സ്വീപ്പർ (ഫുൾടൈം)/സ്കാവഞ്ചർ | ₹ 11,700 | ₹ 450 |
| *(സി)* | *ലബോറട്ടറി വിഭാഗം* | | |
| | (1) കെമിസ്റ്റ്/ലബോറട്ടറി ടെക്നീഷൻ<br>(2) ലബോറട്ടറി അസിസ്റ്റന്റ് | ₹ 13,950 | |
| | (3) മറ്റ് ലബോറട്ടറി ജീവനക്കാർ | ₹ 13,000 | ₹ 500 |

**II.ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ഓരോ ജില്ലാ കേന്ദ്രത്തിനുംവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് 1 രൂപ നിരക്കിലും മാസശമ്പളക്കാർക്ക് 26 രൂപ (ഇരുപത്തിയാറ് രൂപ) നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

## III. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ മൂന്ന് വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെയും സേവനത്തിന് പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ 1 ശതമാനം വീതം പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജായി അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

## IV. ഇതര വ്യവസ്ഥകൾ

(1) ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വേതനത്തെക്കാളും ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തന്നെ തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ്.

(2) മാസശമ്പളം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ തൊഴിലാളി വിഭാഗത്തിനോ അർഹതപ്പെട്ട ദിവസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക്/തൊഴിലാളി വിഭാഗത്തിന് നിശ്ചയിക്കപ്പെട്ട മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും, അതുപോലെ ദിവസവേതനം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ, തൊഴിലാളി വിഭാഗത്തിനോ മാസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും ആയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ആഷ തോമസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

# GOVERNMENT OF KERALA

## Labour and Skills (E) Department

## NOTIFICATION

No. E1/241/2018-LBRD.

*Dated, Thiruvananthapuram, 24th March, 2019 / 10th Meenam, 1194.*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G.O.(Ms.) No. 177/2009/LBR. dated 28th December, 2009 and published as S.R.O. No.3/2010 in the Kerala Gazette Extraordinary No. 17 dated 2nd January, 2010, payable to the classes of employees employed in Block Rubber Factories in the State of Kerala, as specified in the Schedule annexed hereto, are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal with in the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

### I. Basic Wages

| *Sl. No.* | *Category/Work No.* | *Monthly Basic Salary* | *Daily Wages (For 8 Hour work)* |
|---|---|---|---|
| (1) | (2) | (3) | (4) |
| ***(A)*** | ***Factories*** | | |
| *1* | *Skilled* | | |
| | (1) Foreman | ₹ 13,940 | |
| | (2) Supervisor | ₹ 13,620 | |
| | (3) Mechanic<br>(4) Plumber<br>(5) Electrician<br>(6) Driver | ₹ 13,000 | ₹ 500 |
| *2* | *Semi-Skilled* | | |
| | (1) Employees employed for machine work including tank filling and employees not included in other categories<br>(2) Factory General Worker/ Storekeeper | ₹ 12,740 | ₹ 490 |
| *3* | *Unskilled* | | |
| | (1) Security Employee<br>(2) Watchman | ₹ 12,220 | ₹ 470 |

| (1) | (2) | (3) | (4) |
|---|---|---|---|
| ***(B) Office Category*** | | | |
| | (1) Manager | ₹ 14,550 | |
| | (2) Office Assistant | ₹ 13,000 | ₹ 500 |
| | (3) Cashier/Clerk/Typist | | |
| | (4) Accountant | | |
| | (5) Peon/Attender | ₹ 12,220 | ₹ 470 |
| | (6) Sweeper (Full time)/Scavenger | ₹ 11,700 | ₹ 450 |
| ***(C) Laboratory Catergorv*** | | | |
| | (1) Chemist/Laboratory Technician | ₹ 13,950 | |
| | (2) Laboratory Assistant | | |
| | (3) Other Laboratory Employees | ₹ 13,000 | ₹ 500 |

**II. Dearness Allowance**

In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers (1998-99=100) published for the concerned District Headquarters by the Department of Economics and Statistics, at the rate of ₹ 1 (One Rupee) for daily waged employees and ₹ 26 (Rupees Twenty six only) for monthly waged employees for every increase of point above 300 points.

**III. Service Weightage**

The employees who have completed not less than three years continuous service in an establishment or under an employer as on the date of commencement of this notification shall be paid service weightage at the rate of one per cent of the revised basic wages for every completed year of service, subject to a maximum of fifteen per cent, which will be included in their basic wages.

**III. General Conditions**

(1) In the case of employees who are at present getting higher wages than the minimum wages fixed as per this notification they shall continue to enjoy such higher rates.

(2) The daily wages of the monthly paid employees or class of employees shall be calculated by dividing the monthly total wages by 26 and the monthly wages in respect of the daily paid employees or class of employees shall be calculated by multiplying the total wages by 26.

By order of the Governor,

DR. ASHA THOMAS,
*Additional Chief Secretary to Government.*